# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 91 | 28.05.2019- ൽ മറുപടിയ്ക്ക്

### പ്രവാസി നിക്ഷേപത്തിന് പദ്ധതി

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസി നിക്ഷേപം സംസ്ഥാനത്തിന്റെ വികസനത്തിന് ഫലപ്രദമായി ഉപയോഗിക്കുന്ന ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | ഉണ്ട്. വ്യവസായ വകുപ്പിന്റെ പദ്ധതികൾക്ക് പുറമെ പ്രവാസികളായ മലയാളികളിൽ നിന്നും കേരളത്തിലേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് നോർക്ക റൂട്ട്സിന്റെ കീഴിൽ ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ 2018-19 സാമ്പത്തിക വർഷം മുതൽ പ്രവർത്തനമാരംഭിച്ചത്. കേരളത്തിലെ വ്യവസായ സംരംഭക സാദ്ധ്യതകൾ പഠിച്ച് മുൻഗണനാക്രമത്തിൽ സംരംഭകർക്ക് മുൻപിൽ അവതരിപ്പിക്കാനും അതനുസരിച്ച് സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതികവും സാമ്പത്തികവുമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക വഴി കേരളത്തിൽ നിക്ഷേപം നടത്താൻ സംരംഭകർക്ക് പ്രചോദനം നൽകുക എന്നതാണ് എൻ.ബി.എഫ്.സി.യുടെ ലക്ഷ്യം. നിക്ഷേപകർക്ക് വേണ്ട സഹായങ്ങൾ ലഭിക്കുന്നതിനായി പൊതു മേഖലാ ബാങ്കുകൾ, സിഡ്കോ, കിൻഫ്രാ, കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപ സംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് പ്രവാസികളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ എൻ.ബി.എഫ്.സി. മുഖാന്തിരം സ്വീകരിക്കും. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ |

| | | | |
|---|---|---|---|
| | | | സെന്റർ യാഥാർത്ഥ്യമാവുന്നതിലൂടെ പ്രവാസികളായ നിക്ഷേപകർക്ക് നോർക്ക റൂട്ട്സ് മുഖേന ബിസിനസ്സ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു ചാനലൈസിംഗ് ഏജൻസിയായി പ്രവർത്തിക്കുന്നതിനോടൊപ്പം, സർക്കാർ ലൈസൻസ്/ ക്ലിയറൻസുകളെ സംബന്ധിച്ചുള്ള ഉപദേശങ്ങളും ലഭ്യമാകും. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, പ്രവാസി നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി 'പ്രവാസി ഡിവിഡന്റ് പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| ബി) | ഇത്തരം നിക്ഷേപം നടത്തുന്ന പ്രവാസികൾക്ക് ഉയർന്ന ഡിവിഡന്റും ജീവിതാവസാനം വരെ പെൻഷനും നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | ബി) & സി) | 'പ്രവാസി ഡിവിഡന്റ് പദ്ധതി'-യുടെ രൂപ രേഖ സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) | ഇതിനായുള്ള നിക്ഷേപം കിഫ്ബിയിൽ നടത്തുന്നതിനാണോ ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ